കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. 'റൂസ' പദ്ധതി ധന സഹായം ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ പരി ശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപീകരിക്കുന്ന 'ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ' സഹായിക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധരുടെ പാനലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായമായി സംസ്ഥാന ഗവൺമെന്റിന് പ്രാരംഭ പ്രവർത്തി നത്തിന് 2.60 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന ഹയർ എഡ്യൂക്കേഷൻ പ്ലാൻ അനുസരിച്ചാണ് തുക അനുവദിക്കുന്നത്. സംസ്ഥാനത്തിന്റെ ഹയർ എഡ്യൂക്കേഷന്റെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 65% കേന്ദ്ര ഗവൺമെന്റും 35% സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം നൽകിയാൽമതി.

## ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ

106 (1074) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയെന്നും അനുവദിച്ച തുക ലഭിക്കുകയുണ്ടായോയെന്നും ലഭിച്ചെങ്കിൽ എന്ത് തുക ചെലവായി എന്നും അറിയിക്കാമോ ;

(സി) തുക മുഴുവൻ വിനിയോഗിക്കാനായില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ വകുപ്പിലെ നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ

107 (1075) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കുള്ളതുക ബജറ്റിൽ വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഐ.ഐ.റ്റി. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ പദ്ധതികളും.

2. ഐ.എച്ച്.ആർ.ഡി.യുടെ ആസ്ഥാനമന്ദിര നിർമ്മാണം, അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയിനിംഗ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ.

3. ചരിത്രഗവേഷണ കൗൺസിലിനെ സംബന്ധിച്ച് പട്ടണം പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങൾ വാങ്ങി സംരക്ഷിക്കുന്ന പദ്ധതിയും കൗൺസിലിന് ക്യാമ്പസ് രൂപപ്പെടുത്തുന്ന പദ്ധതി.

4. ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ, കോളേജുകൾക്ക് ഓട്ടോണമസ് പദവി, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ എന്നീ പദ്ധതികൾ, ലാ കോളേജുകൾ, ശ്രീ. ശങ്കരാചാര്യ സർവ്വകലാശാല എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ബജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഐ.ഐ.റ്റി.-യ്ക്കായി ഒരു ലക്ഷം രൂപ ടോക്കൺ സംഖ്യ.

2. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി 150 ലക്ഷം രൂപ.

3. ഐ.എച്ച്.ആർ.ഡി.യുടെ ആസ്ഥാന മന്ദിര നിർമ്മാണം, അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയിനിംഗ് എന്നീ പദ്ധതികൾക്കായി 12 കോടി രൂപ.

4. ചരിത്ര ഗവേഷണ കൗൺസിലിനെ സംബന്ധിച്ച് പട്ടണം പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങൾ വാങ്ങി സംരക്ഷിക്കുന്ന പദ്ധതിയും കൗൺസിലിന് ക്യാമ്പസ് രൂപപ്പെടുത്തുക എന്നീ പദ്ധതികൾക്കായി ബജറ്റിൽ 3,28,66,000 രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. സ്റ്റേറ്റ് അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ –50 ലക്ഷം, ഓട്ടോണമി – 15 കോടി, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ – 1 കോടി.

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു :

1. ഐ.ഐ.റ്റി. തുടങ്ങുന്നതിനാവശ്യമായ കേന്ദ്രഗവൺമെന്റിന്റെ നയപരമായ തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാലും കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്ടിന് സർക്കാർ അംഗീകാരം ലഭിക്കാതിരുന്നതിനാലും.

2. അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയിനിംഗ്, ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണം എന്നിവ സാമ്പത്തിക കമ്മി മൂലം നടപ്പിലാക്കിയില്ല. സ്കിൽ ഡെവലെപ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാമത്തെ ഘട്ടം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ചരിത്രഗവേഷണ കൗൺസിലിന് മുൻ വർഷങ്ങളിൽ അനുവദിച്ച പദ്ധതി വിഹിത തുക വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതം നൽകാതിരുന്നതിനാലുമാണ് നടപ്പിലാക്കാൻ സാധിക്കാതിരുന്നത്.

4. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കാൻ സാധിക്കാത്തതിനാലും ഫാക്കൽറ്റിട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഗവേഷണിംഗ് ബോഡിയെ നിയമിച്ചിട്ടില്ലാത്തതിനാലും ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ഓട്ടോണമസ് പദവി അനുവദിക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ തീരുമാനം ലഭിക്കാത്തതിനാലും ഈ പദ്ധതി നടപ്പിൽവരുത്താൻ സാധിച്ചിട്ടില്ല.

**സ്വാശ്രയമെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ സംബന്ധിച്ച വിവരം**

**108 (1076)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്വാശ്രയ മേഖലകളിൽ സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ ആകെ എത്ര സീറ്റുകൾ വീതമുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ കഴിഞ്ഞ അദ്ധ്യയനവർഷവും, ഈ അദ്ധ്യയനവർഷവും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly